**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4250** **18-03-2025 - ൽ മറുപടിയ്ക്ക്**

**പെട്രോൾ - ഡീസൽ സെസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി പെട്രോൾ - ഡീസൽ സെസ് ഏർപ്പെടുത്തിയ നടപടി പെട്രോളിന്റെയും ഡീസലിന്റെയും ഉപഭോഗത്തെയും ഇതിൽ നിന്നും ലഭിക്കുന്ന നികുതിയെയും എത്തരത്തിലാണ് ബാധിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സാമൂഹ്യസുരക്ഷാ സീഡ് ഫണ്ടിലേയ്ക്ക് അധിക ധനസമാഹരണത്തിനായി 2023 ഏപ്രിൽ 1 മുതലാണ് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തിയത്. സംസ്ഥാനത്ത് കേരള പൊതുവിൽപന നികുതി നിയമം,1963 പ്രകാരം 2023-24 സാമ്പത്തിക വർഷം, 2024 ജനുവരി 31 വരെ പെട്രോളിൽ നിന്നുള്ള നികുതി വരുമാനമായി 4997.21 കോടി രൂപയും ഡീസലിൽ നിന്നുള്ള നികുതി വരുമാനമായി 4103.86 കോടി രൂപയും ഉൾപ്പെടെ ആകെ 9101.07 കോടി രൂപ ലഭിച്ചു(Provisional). 2024-25 സാമ്പത്തിക വർഷം, 2025 ജനുവരി 31 വരെ പെട്രോളിൽ നിന്നുള്ള നികുതി വരുമാനമായി 5133.36 കോടി രൂപയും ഡീസലിൽ നിന്നുള്ള നികുതി വരുമാനമായി 3971.94 കോടി രൂപയും ഉൾപ്പെടെ ആകെ 9105.3 കോടി രൂപയും ലഭിച്ചു(Provisional).<br><br>നടപ്പ് സാമ്പത്തിക വർഷം പെട്രോളിന്റെ നികുതി വരുമാനത്തിൽ 2.72% വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. എന്നാൽ, ഡീസലിൽ നിന്നുള്ള നികുതി വരുമാനത്തിൽ 3.21 ശതമാനത്തോളം കുറവ് കാണുന്നു. ഡീസൽ നികുതി വരുമാനത്തിൽ വന്ന കുറവ് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പരിശോധിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് ഇന്ധന കള്ളക്കടത്ത് മൂലം നികുതി ചോർച്ച ഉണ്ടോ എന്ന വിഷയം പരിശോധന വിധേയമാക്കുകയും, 2023-24 സാമ്പത്തിക വർഷത്തിൽ ഇതുമായി ബന്ധപ്പെട്ട നടത്തിയിട്ടുള്ള ഇന്റലിജൻസ് പരിശോധനയുടെ ഭാഗമായി 451.68 കോടി രൂപയുടെ വെട്ടിപ്പുകൾ കണ്ടെത്തിയിട്ടുള്ളതുമാണ്. സാമൂഹ്യ സുരക്ഷാ സെസ് |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയത് വഴി പെട്രോൾ, ഡീസൽ നികുതി വരുമാനത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | പെട്രോൾ - ഡീസൽ സെസ് ഏർപ്പെടുത്തിയത് പെട്രോളിന്റെയും ഡീസലിന്റെയും നികുതി വരുമാനത്തിൽ വിപരീതഫലം ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | സാമൂഹ്യസുരക്ഷാ സീഡ് ഫണ്ടിലേയ്ക്ക് അധിക ധനസമാഹരണത്തിനായി 2023 ഏപ്രിൽ 1 മുതലാണ് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തിയത്. സംസ്ഥാനത്ത് കേരള പൊതുവിൽപന നികുതി നിയമം,1963 പ്രകാരം 2023-24 സാമ്പത്തിക വർഷം, 2024 ജനുവരി 31 വരെ പെട്രോളിൽ നിന്നുള്ള നികുതി വരുമാനമായി 4997.21 കോടി രൂപയും ഡീസലിൽ നിന്നുള്ള നികുതി വരുമാനമായി 4103.86 കോടി രൂപയും ഉൾപ്പെടെ ആകെ 9101.07 കോടി രൂപ ലഭിച്ചു(Provisional). 2024-25 സാമ്പത്തിക വർഷം, 2025 ജനുവരി 31 വരെ പെട്രോളിൽ നിന്നുള്ള നികുതി വരുമാനമായി 5133.36 കോടി രൂപയും ഡീസലിൽ നിന്നുള്ള നികുതി വരുമാനമായി 3971.94 കോടി രൂപയും ഉൾപ്പെടെ ആകെ 9105.3 കോടി രൂപയും ലഭിച്ചു(Provisional).<br><br>നടപ്പ് സാമ്പത്തിക വർഷം പെട്രോളിന്റെ നികുതി വരുമാനത്തിൽ 2.72% വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. എന്നാൽ, ഡീസലിൽ നിന്നുള്ള നികുതി വരുമാനത്തിൽ 3.21 ശതമാനത്തോളം കുറവ് കാണുന്നു. ഡീസൽ നികുതി വരുമാനത്തിൽ വന്ന കുറവ് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പരിശോധിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് ഇന്ധന കള്ളക്കടത്ത് മൂലം നികുതി ചോർച്ച ഉണ്ടോ എന്ന വിഷയം പരിശോധന വിധേയമാക്കുകയും, 2023-24 സാമ്പത്തിക വർഷത്തിൽ ഇതുമായി ബന്ധപ്പെട്ട നടത്തിയിട്ടുള്ള ഇന്റലിജൻസ് പരിശോധനയുടെ ഭാഗമായി 451.68 കോടി രൂപയുടെ വെട്ടിപ്പുകൾ കണ്ടെത്തിയിട്ടുള്ളതുമാണ്. സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയത് വഴി പെട്രോൾ, ഡീസൽ നികുതി വരുമാനത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടില്ല. |
| (സി) | പെട്രോൾ - ഡീസൽ സെസ് പിൻവലിക്കാൻ തയ്യാറാകുമോ; അറിയിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ